**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2573. 09.03.2017 -ലെ മറുപടിക്ക്.

**ആം ആദ്മി ബീമ യോജന**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | **ശ്രീ. ടി.പി.രാമകൃഷ്ണൻ** (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ആം ആദ്മി ബീമ യോജന പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം എവിടെയെല്ലാം ലഭ്യമാണ്; | (എ) സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ വഴി ആം ആദ്മി ബീമ യോജന പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (ബി) ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന്റെ മാനദണ്ഡവും നടപടി ക്രമങ്ങളും വ്യക്തമാക്കാമോ; | (ബി) ദാരിദ്ര രേഖയ്ക്ക് താഴെയുള്ള വിവിധ മേഖലകളിൽപ്പെട്ട കുടുംബങ്ങളും വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായവരും ആണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ആബി (AABY) രജിസ്ട്രേഷനു വേണ്ടി കുടുംബത്തിലെ ഏതെങ്കിലും ഒരു അംഗം ആവശ്യമായ രേഖകൾ (റേഷൻ കാർഡ്, ആധാർ, അർഹത തെളിയിക്കുന്ന മറ്റ് രേഖകൾ) സഹിതം അടുത്തുള്ള അക്ഷയ കേന്ദ്രത്തിൽ ചെന്നാൽ മതിയാകും. കുടുംബത്തിലെ കുടുംബനാഥൻ അല്ലെങ്കിൽ കുടുംബത്തിലെ വരുമാനമുള്ള ഒരു വ്യക്തിക്കു മാത്രമാണ് ആബി അംഗത്വം നൽകുന്നത്. രജിസ്ട്രേഷനായി റേഷൻ കാർഡ് (അസ്സലും, പകർപ്പും), ആധാർ കാർഡ്, അർഹത തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ എന്നിവ അക്ഷയ കേന്ദ്രത്തിൽ ഹാജരാക്കണം. അപേക്ഷകന്റെ വിവരങ്ങൾ അക്ഷയ ജീവനക്കാർ ആബി ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകുകയും ചെയ്യുന്നു. ഒരു പദ്ധതി വർഷം സാധാരണ ഗതിയിൽ പരമാവധി രണ്ട് മാസം വരെ അപേക്ഷിക്കാൻ സമയം |

| | |
|---|---|
| | നൽകുകയും പ്രസ്തുത വിവരം പത്രമാധ്യമങ്ങൾ വഴി ജനങ്ങളെ അറിയിക്കാറുള്ളതുമാണ്. |
| (സി) ഈ പദ്ധതി പ്രകാരം ഒരിക്കൽ രജിസ്റ്റർ ചെയ്താൽ രജിസ്ട്രേഷൻ പുതുക്കേണ്ട ആവശ്യമുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ; | (സി) ഈ പദ്ധതി പ്രകാരം ഒരിക്കൽ രജിസ്ട്രേഷൻ ചെയ്തവർക്ക് പിന്നീടുള്ള പദ്ധതി വർഷങ്ങളിൽ രജിസ്ട്രേഷൻ പുതുക്കേണ്ട ആവശ്യമില്ല. രജിസ്റ്റർ ചെയ്ത അംഗത്തിന് 60 വയസ്സ് തികയുന്നത് വരെ ടി പദ്ധതിയിലെ അംഗമായി തുടരാവുന്നതുമാണ്. ഈ വിവരം പത്രമാധ്യമങ്ങളിലൂടെ ഗുണഭോക്താക്കളെ അറിയിക്കുകയും ചെയ്യുന്നു. |
| (ഡി) ഈ പദ്ധതിയെക്കുറിച്ചുള്ള സംശയനിവാരണത്തിന് ജില്ലാ തലത്തിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) ടി പദ്ധതിയുടെ നിർവ്വഹണത്തിനും സംശയനിവാരണത്തിനും ചിയാക്കിനെ ആണ് സംസ്ഥാന സർക്കാർ നിയോഗിച്ചിരിക്കുന്നത്. ചിയാക്കിന്റെ ജില്ലാ തല ഭാരവാഹി ആയ അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് കോ-ഓർഡിനേറ്ററിനെയാണ് ജില്ലാ തലത്തിൽ ഗുണഭോക്താക്കളുടെ സംശയ നിവാരണത്തിനും പ്രശ്ന പരിഹാരത്തിനും നിയോഗിച്ചിരിക്കുന്നത്. ഇവർ ജില്ലാ ലേബർ ഓഫീസ് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ